**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **08-10-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണെന്നും അവ ഏതെല്ലാമെന്നും, പ്രവർത്തനം പൂർണമായും നിലച്ച കയർ സംഘങ്ങൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പ്രവർത്തന ക്ഷമമായതും പൂർണമായി നിലച്ചതുമായ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**പ്രവർത്തനക്ഷമമായ കയർ വ്യവസായ സഹകരണ സംഘങ്ങൾ – 7 എണ്ണം.**<br><br>1. പരവൂർ സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 3088<br><br>2. കലയ്ക്കോട് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 203<br><br>3. കൂനയിൽ സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 636<br><br>4. നെല്ലേറ്റിൽ സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 643<br><br>5. പുത്തൻകുളം എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 1197<br><br>6. ജവഹർലാൽനെഹ്റു എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 1214<br><br>7. കുറുമണ്ഡൽ പരവൂർ എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 1238<br><br>**പ്രവർത്തനം പൂർണമായും നിലച്ച കയർ വ്യവസായ സംഘങ്ങൾ - 3**<br><br>1. നെടുങ്ങോലം എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 985<br><br>2. ഇടയാടി എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 395<br><br>3. പരവൂർ തെക്കും ഭാഗം എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 870 |

| | | | |
|---|---|---|---|
| (ബി) | പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിനുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ്; ചാത്തന്നൂർ മണ്ഡലത്തിലെ പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ പ്രസ്തുത നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങൾ ഇനി പ്രവർത്തിക്കുകയില്ലായെന്നുണ്ടെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് ലിക്വിഡേറ്റർ സ്ഥാവര ജംഗമ വസ്തുക്കൾ ഏറ്റെടുക്കുക എന്നുള്ളതാണ് നിയമപരമായ നടപടി. ടി മണ്ഡലത്തിലെ പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളിൽ നെടുങ്ങോലം എസ് സി വി സി എസ് ലിമിറ്റഡ് ക്യൂ നം. 985-ൽ പുതിയ ഭരണ സമിതി നിലവിലുണ്ട്. ടി സംഘത്തിൻെറ വസ്തുവകകൾ സംരക്ഷിച്ച് അതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പരവൂർ തെക്കുംഭാഗം എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 870 സംഘത്തിനു സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ല. ഇടയാടി എസ് സി വി സി എസ് ലിമിറ്റഡ് നം. ക്യൂ 395 സംഘത്തിൻെറ സ്ഥാവര ജംഗമ വസ്തുക്കൾ അന്യാധീനപ്പെടാതിരിക്കാൻ പരിശോധിച്ച് ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളോ മാർഗ്ഗനിർദ്ദേശങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും മറ്റും, സംഘങ്ങളുടെ ലിക്വിഡേറ്റർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ